പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. *64

06.06.2018 -ലെ മറുപടിയ്ക്ക്

## സ്ഥിരം തൊഴിൽ ഇല്ലാതാക്കുന്ന നിയമ ഭേദഗതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.വിൻസെന്റ്<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.ഡി.സതീശൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര സർക്കാർ തൊഴിൽ നിയമങ്ങളിൽ വരുത്തിയ ഭേദഗതി തൊഴിലാളി താല്പര്യങ്ങൾക്ക് എതിരാണെന്ന ആക്ഷേപം വസ്തുതാപരമാണോ; | എ) കേന്ദ്ര സർക്കാർ തൊഴിൽ നിയമങ്ങളിൽ വരുത്തിയ ഭേദഗതികൾ തൊഴിലാളി താൽപര്യങ്ങൾക്ക് എതിരാണെന്ന വസ്തുത സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) സ്ഥിരം തൊഴിൽ ഇല്ലാതാക്കുന്നതിനുള്ള കേന്ദ്ര നീക്കം സംസ്ഥാനത്തെ തൊഴിൽ മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | ബി) കേന്ദ്ര സർക്കാർ 08.01.2018-ൽ കൊണ്ടുവന്ന നോട്ടിഫിക്കേഷനിലൂടെ ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാൻഡിംഗ് ഓർഡർ നിയമം ബാധകമായിട്ടുള്ള എല്ലാ മേഖലകളിലും നിശ്ചിത കാല തൊഴിൽ സമ്പ്രദായം അനുവദിക്കാൻ തീരുമാനിച്ചു. ഇത് നിശ്ചിത കാല കരാർ തൊഴിലുകളിൽ തൊഴിലാളികളെ നിയമിക്കുന്ന പ്രവണത വർദ്ധിപ്പിക്കുന്നതിന് ഇടയാക്കും. ഇതിന്റെ ഫലമായി തൊഴിലാളികൾക്ക് കണ്ടിന്യൂയസ് സർവ്വീസ് നഷ്ടപ്പെടുകയും ഒരു സ്ഥിരം തൊഴിലാളിക്ക് ലഭിക്കുന്ന സേവന വേതന വ്യവസ്ഥകളെ ആയത് പ്രതികൂലമായി ബാധിക്കുമെന്നും കണക്കാക്കുന്നു. |
| സി) ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫെയർ നിയമം തൊഴിലാളി താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്നതിനാൽ അതിനെതിരെ സംസ്ഥാനത്തിന്റെ ആശങ്കകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | സി) അറിയിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ മറുപടി ലഭ്യമാക്കിയിട്ടില്ല. |

ഡി) കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നടപടികൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നതിനും സംസ്ഥാനത്തെ തൊഴിലാളികളുടെ സംരക്ഷണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ